# ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

( ഹാജർ: ശ്രീ.റ്റി.ഒ.സൂരജ് ഐ.എ.എസ് )

**എൽ.ആർ. (റ്റി )3-5050/09** **തീയതി : 06-08-2012**

വിഷയം :- ജീവനക്കാര്യം- ലാന്റ് റവന്യൂ വകുപ്പ്-01.07.2004 മുതൽ 31.12.2008 വരെയുള്ള കാലയളവിലെ UDC/SVO ഒഴിവുകൾ തിട്ടപ്പെടുത്തി, ഉത്തരവാകുന്നത്-സംബന്ധിച്ച്

വായന :-

1. ലാന്റ് റവന്യൂ കമ്മീഷണറുടെ 15.02.2005 ലെ എൽ.ആർ.റ്റി(3)-38883/04 നമ്പർ നടപടിക്രമം
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 07.02.2009 ലെ എൽ.ആർ.റ്റി(3)-5050/2009 നമ്പർ കത്ത്
3. തിരുവനന്തപുരം ജില്ലാകളക്ടറുടെ 04.06.12 ലെ എസ്7-43543/11 നമ്പർ റിപ്പോർട്ട്
4. കൊല്ലം ജില്ലാ കളക്ടറുടെ 02.05.12 ലെ എ7-3457/12 നമ്പർ റിപ്പോർട്ട്
5. പത്തനംതിട്ട ജില്ലാ കളക്ടറുടെ 07.06.12 ലെ എസ്2-623/09 നമ്പർ റിപ്പോർട്ട്
6. ആലപ്പുഴ ജില്ലാ കളക്ടറുടെ 29.03.12 ലെ എ1-3076/12 നമ്പർ റിപ്പോർട്ട്
7. കോട്ടയം ജില്ലാ കളക്ടറുടെ 03.04.2012 ലെ എ4-2765/12 നമ്പർ റിപ്പോർട്ട്
8. ഇടുക്കി ജില്ലാ കളക്ടറുടെ 04.06.12 ലെ 6897/12 നമ്പർ റിപ്പോർട്ട്
9. എറണാകുളം ജില്ലാ കളക്ടറുടെ 03.07.12 ലെ ഇ1-04/2011 നമ്പർ റിപ്പോർട്ട്
10. തൃശൂർ ജില്ലാ കളക്ടറുടെ 16.03.12 ലെ എ2-11773/12 നമ്പർ റിപ്പോർട്ട്
11. പാലക്കാട് ജില്ലാ കളക്ടറുടെ 22.06.12 ലെ എസ്3-2011/1/9 നമ്പർ റിപ്പോർട്ട്
12. മലപ്പുറം ജില്ലാ കളക്ടറുടെ 31.03.12 ലെ എ1-375/12 നമ്പർ റിപ്പോർട്ട്
13. കോഴിക്കോട് ജില്ലാ കളക്ടറുടെ 02.06.12 ലെ എ5-4449/12 നമ്പർ റിപ്പോർട്ട്
14. വയനാട് ജില്ലാ കളക്ടറുടെ 16.03.12 ലെ എ1-2012/1937/12 നമ്പർ റിപ്പോർട്ട്
15. കണ്ണൂർ ജില്ലാ കളക്ടറുടെ 12.06.12 ലെ എ1-2012/4015/13 നമ്പർ റിപ്പോർട്ട്
16. കാസർഗോഡ് ജില്ലാ കളക്ടറുടെ 21.03.12 ലെ എ2-02/2012- ാ ം നമ്പർ റിപ്പോർട്ട്
17. ലാന്റ് ബോർഡ് സെക്രട്ടറിയുടെ 02.03.09 ലെ എൽ.ബി.എ1-1463/09/എൽ.ഡിസ് നമ്പർ റിപ്പോർട്ട്

18. ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ 17.2.2009 ലെ എ9-09 നമ്പർ കത്ത്
19. മദ്ധ്യമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ 13.04.09 ലെ എൽ.ഡിസ് 48/V/E/09 നമ്പർ കത്ത്
20. ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ 28.02.09 ലെ എ1-122/09 നമ്പർ കത്ത്
21. ഡയറക്ടർ, സർവ്വെ & ലാന്റ് റിക്കാർഡ്സിന്റെ 02.11.11 ലെ ജി1-7/11 നമ്പർ കത്ത്
22. സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ സൂപ്രണ്ടിന്റെ 20.02.09 ലെ എ2-138/09 നമ്പർ കത്ത്
23. അസി.കമ്മീഷണർ (ആർ.ഇ)യുടെ 30.04.09 ലെ എൽ.ആർ ഇ7-09/09 നമ്പർ റിപ്പോർട്ട്
24. അസി.കമ്മീഷണർ (ആർ.ഇ) യുടെ 20.01.12 ലെ എൽ.ആർ ഇ8-36946/11 നമ്പർ റിപ്പോർട്ട്
25. അസി.കമ്മീഷണർ ആർ.ഇ യുടെ 19.08.09 ലെ എൽ.ആർ ജി1-35989/09/എൽ.ഡിസ് നമ്പർ റിപ്പോർട്ട്

*************************

01.01.2001 മുതൽ 30.06.2004 വരെയുള്ള യു.ഡി.സി/എസ്.വി.ഒ തസ്തികയിലെ ഒഴിവുകളുടെ വിവരങ്ങൾ വായന (1) പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. തുടർന്ന് വായന (2) പ്രകാരം 01.07.2004 മുതൽ 31.12.2008 വരെയുള്ള യു.ഡി.സി/എസ്.വി.ഒ തസ്തികയിലെ ഒഴിവുകൾ നിർണ്ണയിക്കുന്നതിനാവശ്യമായ വിവരങ്ങൾ റിപ്പോർട്ടു ചെയ്യുവാൻ ബന്ധപ്പെട്ട ജില്ലാകളക്ടർ/ഓഫീസ് മേധാവികൾക്ക് നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് വായന (3) മുതൽ (25) വരെയുള്ള കത്തുകൾ പ്രകാരം ജില്ലാ കളക്ടർമാർ/ഓഫീസ് മേധാവികൾ ടി കാലയളവിൽ യു.ഡി.സി/എസ്.വി.ഒ തസ്തികയിൽ ഉണ്ടായ ഒഴിവുകളുടെ വിവരം റിപ്പോർട്ട് ചെയ്തിരുന്നു. അതോടൊപ്പം പ്രസ്തുത കാലയളവിൽ യു.ഡി.സി/എസ്.വി.ഒ തസ്തികയിൽ നിന്നും എച്ച്.സി/ആർ.ഐ/വി.ഒ തസ്തികയിലേക്ക് നടന്ന സ്ഥാനക്കയറ്റങ്ങൾ മൂലമുണ്ടായ ഒഴിവുകളും പരിശോധിച്ച് ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഒഴിവുകൾ നിർണ്ണയിച്ചിട്ടുള്ളതാണ്.

1. യു.ഡി.സി/എസ്.വി.ഒ തസ്തികയിൽ നിന്നും എച്ച്.സി/ആർ.ഐ/വി.ഒ തസ്തികയിലേക്ക് സ്ഥാനക്കയറ്റങ്ങൾ നൽകിയത് മൂലമുണ്ടായ ഒഴിവുകൾ

2. സർവ്വീസിൽ നിന്നും വിരമിക്കൽ, മരണം, രാജിവക്കൽ, ഡിപ്പാർട്ട്മെന്റ് വിട്ടുപോകൽ എന്നിവ മൂലമുണ്ടായ ഒഴിവുകൾ

3. പുതുതായി തസ്തികകൾ സൃഷ്ടിച്ചത് മൂലമുണ്ടായ ഒഴിവുകൾ

4. 6-മാസത്തിൽ കുറയാത്ത കാലയളവിലുള്ള ശൂന്യവേതന അവധി മൂലമുണ്ടായ ഒഴിവുകൾ

5. എച്ച്.സി/ആർ.ഐ/വി.ഒ തസ്തികയിൽ നിന്നുള്ള തരംതാഴ്ത്തൽ, ഓഫീസുകൾ നിറുത്തലാക്കൽ, ശൂന്യവേതന അവധിയിലായിരുന്നവർ അവധി കഴിഞ്ഞ്/അവധി റദ്ദാക്കി തിരികെ ജോലിയിൽ പ്രവേശിക്കളൽ എന്നിവമൂലം വന്ന കുറവുകൾ തുടർന്നു വന്ന ഒഴിവുകളിൽ നിന്നും കുറവുചെയ്ത് ക്രമീകരിക്കുക.

മേൽ വിവരിച്ച മാനദണ്ഡങ്ങളനുസരിച്ച് വായന (3) മുതൽ (25) വരെയുള്ള റിപ്പോർട്ടുകളുടെയും സർവ്വീസ് കാർഡുകളിലെ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ 01.07.2004 മുതൽ 31.12.2008 വരെയുള്ള കാലയളവിൽ ലാന്റ് റവന്യൂ വകുപ്പിൽ യു.ഡി.സി/എസ്.വി.ഒ തസ്തികയിൽ (അനുബന്ധമായി ചേർത്ത പ്രകാരം ) ആകെ 2424 ( രണ്ടായിരത്തി നാനൂറ്റി ഇരുപത്തിനാല് ) ഒഴിവുകൾ തിട്ടപ്പെടുത്തി ഇതിനാൽ പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

**<u>ഒഴിവുകളുടെ വർഷം തിരിച്ചുള്ള വിവരം</u>**

| | | | |
|---|---|---|---|
| 2004 | - | 369 | (01.07.04 to 31.12.2004) |
| 2005 | - | 465 | |
| 2006 | - | 530 | |
| 2007 | - | 681 | |
| 2008 | - | 379 | |
| ആകെ | - | 2424 | |

മേൽ വിവരിച്ച പ്രകാരം 01.07.2004 മുതൽ 31.12.2008 വരെയുള്ള കാലയളവിലേക്കായി കണക്കാക്കിയ ഒഴിവുകളെ സംബന്ധിച്ച് ജീവനക്കാർക്ക് എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ആയത് ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ജില്ലാ കളക്ടർമാർ/ആഫീസ് മേധാവികൾ ഈ ഉത്തരവ് ജീവനക്കാർക്കിടയിൽ പരസ്യപ്പെടുത്തേണ്ടതും പരസ്യപ്പെടുത്തിയ വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ് )
കമ്മീഷണർ.

ഉള്ളടക്കം 1. ഒഴിവുകളുടെ സംഗ്രഹം
2. ഒഴിവുകളുടെ ജില്ലതിരിച്ചുള്ള വിശദമായ പട്ടിക

എല്ലാ ജില്ലാകളക്ടർമാർക്കും
( ജീവനക്കാർക്കിടയിൽ പരസ്യപ്പെടുത്തുന്നതിലേക്ക് )

പകർപ്പ്
1) പ്രിൻസിപ്പൽ സെക്രട്ടറി, റവന്യ വകുപ്പ് (ആമുഖ കത്ത് സഹിതം)
2) സെക്രട്ടറി, ലാന്റ് ബോർഡ്
3) ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കാർഡ്സ്
4) കമ്മീഷണറുടെ സി.എയ്ക്ക്
5) ജോയിന്റ് കമ്മീഷണറുടെ സി.എയ്ക്ക്
6) അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)
7) നോഡൽ ഓഫീസർ, ഐ.ടി സെൽ,
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്